ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

TIME:12:30 PM DATE:24-11-2024

## പ്രധാനവാർത്തകൾ

1. വികസിത ഭാരതം കെട്ടിപ്പടുക്കുന്നതിൽ യുവാക്കളുടെ പങ്ക് നിർണായകമെന്ന് മൻ കി ബാത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി; ഈ വർഷം എൻ.സി.സി.-യിൽ ചേർന്നത് 20 ലക്ഷം യുവാക്കളെന്ന് പരാമർശം.
2. 'ഏക് പേട് - മാം കെ നാം' പദ്ധതിയിലൂടെ രാജ്യത്ത് 100 കോടി മരങ്ങൾ നട്ടുപിടിപ്പിച്ചതായി പ്രധാനമന്ത്രി; മുതിർന്ന പൗരന്മാർക്ക് സൈബർ ചതിക്കുഴികളെക്കുറിച്ച് മുന്നറിയിപ്പ് നൽകണമെന്നും അഭ്യർത്ഥന.
3. പാർലമെന്റിന്റെ ശീതകാല സമ്മേളനത്തിന് നാളെ തുടക്കം; വയനാട് എം.പി.യായി പ്രിയങ്കാ ഗാന്ധി നാളെ സത്യപ്രതിജ്ഞ ചെയ്യും.
4. മുനമ്പം പ്രശ്നത്തിൽ ശാശ്വത പരിഹാരത്തിനാണ് സർക്കാർ ശ്രമിക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ; ആരെയും കുടിയിറക്കില്ലെന്നും മുഖ്യമന്ത്രി.
5. ബോർഡർ ഗവാസ്കർ ട്രോഫി ക്രിക്കറ്റ് ടെസ്റ്റിൽ ഓസീസിനെതിരെ ഇന്ത്യ ശക്തമായ നിലയിൽ.

****************

RNU TVPM

ഹെഡ്‌ലൈൻ-1

## മൻ കി ബാത്ത് – എൻ സി സി

എൻ.സി.സി. ദിനത്തെക്കുറിച്ച് പരാമർശിച്ചു കൊണ്ടാണ് 'മൻ കി ബാത്തിന്റെ 116-ാം അധ്യായം പ്രധാനമന്ത്രി നരേന്ദ്രമോദി ആരംഭിച്ചത്. സ്കൂൾകാലത്ത് എൻ.സി.സി കേഡറ്റായിരുന്ന തനിക്ക് അതിൽ നിന്ന് ലഭിച്ച അനുഭവങ്ങൾ വിലമതിക്കാനാവാത്തതാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. രാജ്യത്ത് എൻ.സി.സി.യെ ശക്തിപ്പെടുത്തുന്നതിനുള്ള നിരന്തര പ്രവർത്തനങ്ങളാണ് നടക്കുന്നതെന്നും 2024-ൽ, 20 ലക്ഷത്തിലധികം യുവാക്കളാണ് എൻ.സി.സി.യിൽ ചേർന്നതെന്നും അതിൽ 40 ശതമാനം വനിതാ കേഡറ്റുകളാണെന്നും ശ്രീ മോദി പറഞ്ഞു.

(ഹോൾഡ് വോയിസ്)

***********************************

RNU TVPM

ഹെഡ്‌ലൈൻ-1,2എ

## മൻ കി ബാത്ത് – യുവജനദിനം

വികസിത ഇന്ത്യ കെട്ടിപ്പടുക്കുന്നതിൽ യുവാക്കളുടെ പങ്ക് വളരെ വലുതാണെന്ന് പറഞ്ഞ പ്രധാനമന്ത്രി, സ്വാമി വിവേകാനന്ദന്റെ 162-ാം ജന്മവാർഷികത്തോടനുബന്ധിച്ച് ഇത്തവണ 'വികസിത ഭാരതം യുവ നേതാക്കളുടെ സംവാദം' എന്ന പേരിൽ ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ മഹാസമ്മേളനം സംഘടിപ്പിക്കുമെന്ന് അറിയിച്ചു. സാങ്കേതികവിദ്യ പ്രയോഗിക്കുന്നതിൽ മുതിർന്ന പൗരന്മാർക്ക് ഉണ്ടാകുന്ന അസൗകര്യങ്ങൾ ഇല്ലാതാക്കുന്നതിൽ യുവാക്കൾക്ക് വലിയ പങ്കുണ്ടെന്ന് പ്രധാനമന്ത്രി പറഞ്ഞു. പലനഗരങ്ങളിലും, മുതിർന്ന പൗരന്മാരെ ഡിജിറ്റൽ വിപ്ലവത്തിന്റെ ഭാഗമാക്കാൻ യുവാക്കൾ, മുൻകൈയെടുക്കുന്നതായും അദ്ദേഹം വ്യക്തമാക്കി. മുതിർന്ന

പൗരന്മാർക്ക് സൈബർ ചതിക്കുഴികളെക്കുറിച്ച് മുന്നറിയിപ്പ് നൽകുന്നത് നമ്മുടെ ഉത്തരവാദിത്വമാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയിസ്)

********************************

## മൻ കി ബാത്ത് – ഗയാന

കുട്ടികളുടെ വിദ്യാഭ്യാസത്തിന് പുസ്തകങ്ങളും വായനശാലകളും വലിയ പങ്കുവഹിക്കുന്നതായി മൻ കി ബാത്തിൽ പ്രധാനമന്ത്രി പറഞ്ഞു. പുസ്തകങ്ങളുമായുള്ള സൗഹൃദം വർദ്ധിപ്പിക്കുന്നതിലൂടെ, ജീവിതം മാറ്റിമറിക്കാനാകുമെന്ന് ശ്രീ മോദി പറഞ്ഞു. തെക്കേ അമേരിക്കൻ രാഷ്ട്രമായ ഗയാന സന്ദർശിച്ച വിശേഷങ്ങൾ പങ്കുവെച്ച പ്രധാനമന്ത്രി, അവിടത്തെ ഇന്ത്യൻ വംശജരെക്കുറിച്ചും പരാമർശിച്ചു. Oral History Project' എന്ന പേരിൽ രാജ്യവിഭജന കാലത്തെ ഇരകളുടെ അനുഭവങ്ങൾ ശേഖരിക്കുന്ന പദ്ധതിയെക്കുറിച്ചും ജനങ്ങളുടെ കയ്യിലുള്ള കൈയ്യെഴുത്തുപ്രതികളോ, ചരിത്രരേഖയോ, നാഷണൽ ആർക്കൈവ്സ് ഓഫ് ഇന്ത്യയുടെ സഹായത്തോടെ സുരക്ഷിതമാക്കണമെന്നും ശ്രീ മോദി അഭ്യർത്ഥിച്ചു. ഇന്ത്യൻ ഉപനിഷത്തുകൾ സ്ലോവാക് ഭാഷയിലേക്ക് വിവർത്തനം ചെയ്യപ്പെടുന്ന പ്രവർത്തനങ്ങളെക്കുറിച്ചും അദ്ദേഹം സംസാരിച്ചു.

RNU TVPM

********************************

ഹെഡ്ലൈൻ-2

## മൻ കി ബാത്ത് – ഏക് പേട് മാം കെ നാം

'ഏക് പേട് മാം കെ നാം' എന്ന കാമ്പയിൻ 100 കോടി മരങ്ങൾ നട്ടുപിടിപ്പിക്കുക എന്ന സുപ്രധാന നാഴികക്കല്ല് പിന്നിട്ടതായി പ്രധാനമന്ത്രി അറിയിച്ചു. അഞ്ച് മാസത്തിനുള്ളിലാണ് ഇത്

സാധ്യമായതെന്നും കാമ്പയിൻ മറ്റു രാജ്യങ്ങളിലും വ്യാപിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. ഈ ക്യാമ്പയിനിലൂടെ ഏതൊരു വ്യക്തിക്കും തന്റെ അമ്മയുടെ പേരിൽ ഒരു മരം നടാം. വൃക്ഷത്തിനൊപ്പമുള്ള സെൽഫി mygov.in-ലും പോസ്റ്റ് ചെയ്യാമെന്നും പ്രധാനമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയിസ്)

നമുക്ക് ചുറ്റുമുള്ള ജൈവവൈവിധ്യം നിലനിർത്തുന്നതിൽ കുരുവികൾ വളരെ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. കുരുവികളുടെ സംരക്ഷണത്തിനായി വിവിധ സംഘടനകൾ ആരംഭിച്ച പ്രവർത്തനങ്ങളെക്കുറിച്ചും ശ്രീ മോദി സംസാരിച്ചു.

**********************************

## മൻ കി ബാത്ത് – ശുചിത്വ ക്യാമ്പയിൻ

PIB TVPM

പതിറ്റാണ്ടുകൾ പഴക്കമുള്ള ഫയലുകളും സ്ക്രാപ്പുകളും നീക്കം ചെയ്യുന്നതിനായി ആരംഭിച്ച പ്രത്യേക ശുചിത്വ ക്യാമ്പയിൻ സർക്കാർ വകുപ്പുകളിൽ അത്ഭുതകരമായ ഫലങ്ങൾ നൽകിയതായി പ്രധാനമന്ത്രി പറഞ്ഞു. ഇത്തരം ശുചീകരണയജ്ഞങ്ങളിലൂടെ ഓഫീസുകളിൽ ധാരാളം സ്ഥലം ലാഭിക്കാനായതായും അദ്ദേഹം പറഞ്ഞു. രാജ്യത്തിന്റെ പല ഭാഗങ്ങളിലും 'യുവാക്കൾ' മാലിന്യത്തിൽ നിന്ന് വരുമാനമുണ്ടാക്കുന്നതായി പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി. ചെറിയ ചെറിയ പ്രയത്നങ്ങളിലൂടെ എത്ര വലിയ വിജയം നേടാം എന്നതിന്റെ ഉദാഹരണങ്ങൾ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ കാണാമെന്ന് വിവിധ യുവാക്കളെ പരാമർശിച്ചുകൊണ്ട് ശ്രീ മോദി പറഞ്ഞു. ഇത്തരം ശ്രമങ്ങൾ ഭാരതത്തിന്റെ ശുചിത്വ കാമ്പയിന് ഊർജം പകരുന്നതായും വ്യക്തമാക്കിക്കൊണ്ടാണ് പ്രധാനമന്ത്രി മൻ കി ബാത്തിന്റെ' ഈ ലക്കം ഉപസംഹരിച്ചത്.

(ഹോൾഡ് വോയിസ്)

*********************************

ഹെഡ്‌ലൈൻ-3

**സർവകക്ഷിയോഗം**

പാർലമെന്റിന്റെ ശീതകാല സമ്മേളനത്തിന് മുന്നോടിയായി കേന്ദ്ര സർക്കാർ വിളിച്ചു ചേർത്ത സർവകക്ഷിയോഗം ന്യൂഡൽഹിയിൽ പുരോഗമിക്കുന്നു. രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്ങിന്റെ അധ്യക്ഷതയിലാണ് യോഗം. സമ്മേളനത്തിൽ ലോക്സഭയുടെയും രാജ്യസഭയുടെയും സുഗമമായ പ്രവർത്തനം ഉറപ്പാക്കാൻ എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും പിന്തുണ സർക്കാർ തേടും. കേന്ദ്രമന്ത്രി കിരൺ റിജിജുവും യോഗത്തിൽ പങ്കെടുന്നുണ്ട്. നാളെ ആരംഭിക്കുന്ന ശീതകാല സമ്മേളനം ഡിസംബർ 20 വരെ തുടരും. ഭരണഘടനാ ദിനം ആചരിക്കുന്നതിനാൽ നവംബർ 26 ന് പാർലമെന്റ് സമ്മേളനം ഉണ്ടാകില്ല.

RNU TVPM

*********************************

ഹെഡ്‌ലൈൻ-3എ

**പ്രിയങ്ക - സത്യപ്രതിജ്ഞ**

വയനാട് ലോക്സഭാ മണ്ഡലത്തിൽ നിന്നും വിജയിച്ച നിയുക്ത എം പി പ്രിയങ്കാ ഗാന്ധിയുടെ സത്യപ്രതിജ്ഞ നാളെ നടക്കും. ശീതകാല സമ്മേളനം ആരംഭിക്കുന്നതിനോടൊപ്പമാണ് പുതിയ അംഗങ്ങളുടെ സത്യപ്രതിജ്ഞ നടക്കുക. വയനാട് ഉരുൾപൊട്ടൽ ദുരന്തവുമായി ബന്ധപ്പെട്ട വിഷയമായിരിക്കും പ്രിയങ്ക ലോക്സഭയിൽ ആദ്യം ഉന്നയിക്കുക.

*********************************

ഹെഡ്‌ലൈൻ-4

**മുനമ്പം -പിണറായി**

മുനമ്പം വിഷയത്തിൽ താമസക്കാർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കാതെ പ്രശ്നം പരിഹരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. മുനമ്പം സമരസമിതിയുമായി ഓൺലൈനായി നടത്തിയ ചർച്ചയിലാണ് മുഖ്യമന്ത്രി ഇക്കാര്യം ഉറപ്പ് നൽകിയത്. വിഷയത്തിൽ ശാശ്വത പരിഹാരം കാണാനാണ് സർക്കാർ ശ്രമിക്കുന്നതെന്നും രേഖകൾ ഉള്ള ഒരാളെ പോലും കുടിയൊഴിപ്പിക്കില്ലെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. നോട്ടീസടക്കമുള്ള നടപടികളൊന്നും നടത്തരുതെന്ന സർക്കാർ അഭ്യർത്ഥന, വഖഫ് ബോർഡ് അംഗീകരിച്ചിട്ടുണ്ട്.

*********************************

ഹെഡ്ലൈൻ-5

## ടെസ്റ്റ് ക്രിക്കറ്റ്

RNU TVPM

പെർത്തിൽ നടക്കുന്ന ബോർഡർ-ഗാവസ്കർ ട്രോഫി ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യ മികച്ച ലീഡിലേക്ക്. മൂന്നാം ദിനം രണ്ടാം ഇന്നിംങ്സ് പുനഃരാരംഭിച്ച ഇന്ത്യ ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ 5 വിക്കറ്റ് നഷ്ടത്തിൽ 359 റൺസെന്ന നിലയിലാണ്. വിരാട് കോഹ്‌ലിയും, വാഷിംഗ്ടൺ സുന്ദറുമാണ് ക്രീസിൽ. നിലവിൽ 405 റൺസിന്റെ ലീഡാണ് ഇന്ത്യയ്ക്കുള്ളത്.

*********************************

## സന്തോഷ് ട്രോഫി (ഇൻട്രോ)

സന്തോഷ് ട്രോഫി യോഗ്യത മത്സരത്തിൽ കേരളം ഇന്ന് പുതുച്ചേരിയെ നേരിടും വൈകിട്ട് 3.30 കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയത്തിലാണ് മത്സരം.

**വിശദാംശങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു....**

(വോയിസ്)

********************************

## ഐപിഎൽ

അടുത്തവർഷത്തെ IPL മത്സരങ്ങൾക്കുള്ള ലേലം ഇന്നും നാളെയുമായി നടക്കും. ഇക്കുറി സൗദിയിലെ ജെദ്ദയിലാണ് ലേല നടപടികൾ നടക്കുക. ഈ വട്ടത്തെ ലേലത്തിനായി 409 വിദേശ താരങ്ങൾ ഉൾപ്പെടെ മൊത്തം 1,574 കളിക്കാരാണ് ഒപ്പുവച്ചിട്ടുള്ളത്. 10 ടീമുകൾക്കും കൂടി പരമാവധി 641.5 കോടി രൂപയാണ് ലേലത്തിനായി ചിലവിടാനാവുക.

********************************

## ഐഎസ്എൽ

ISL ഫുട്ബോളിൽ ഇന്ന് കേരളാ ബ്ലാസ്റ്റേഴ്സ് ചെന്നൈയിൻ എഫ്സിയെ നേരിടും. രാത്രി 07.30-ന് കൊച്ചിയിലാണ് മത്സരം. സീസണിൽ 8 മത്സരങ്ങളിൽ 4 തോൽവിയും രണ്ട് വീതം ജയവും സമനിലയുമാണ് ബ്ലാസ്റ്റേഴ്സിന്റെ സമ്പാദ്യം. എതിരാളിയായ ചെന്നൈയിൻ നാലാം സ്ഥാനത്താണ്.

RNU TVPM

********************************

## കയാക്കിങ് ചാമ്പ്യൻഷിപ്പ്

ദേശീയ കയാക്കിങ് ചാമ്പ്യൻഷിപ്പിന് കണ്ണൂർ പറശ്ശിനിക്കടവിൽ തുടക്കമായി. കെ.വി. സുമേഷ് എം.എൽ എ ഫ്ലാഗ് ഓഫ് ചെയ്തു.

********************************

## ലോക ചെസ്സ് ചാമ്പ്യൻഷിപ്പ്

ലോക ചെസ്സ് ചാമ്പ്യൻഷിപ്പിന് നാളെ സിംഗപ്പൂരിൽ തുടക്കമാവും. ആദ്യ ഗെയിം നാളെ ഉച്ചയ്ക്ക് 2.30 ന് നടക്കും. ക്ലാസിക്കൽ ഫോർമാറ്റിൽ 14 ഗെയിമുകളാവും ചാമ്പ്യൻഷിപ്പിലുണ്ടാവുക. ഇന്ത്യൻ താരം ഡി ഗുകേഷ്, ആദ്യനീക്കം നടത്തും.

*

********************

**********************************

RNU TVPM